**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3030** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേർണൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | ഇ-ഗവേർണൻസിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളും ഇ-ഓഫീസുകൾ ആക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ ആണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് തലവൻമാരുടെ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, താലൂക്കുതല ഓഫീസുകൾ, മറ്റ് താഴെത്തട്ടിലുള്ള ഓഫീസുകൾ എന്നീ ക്രമത്തിൽ ഘട്ടം ഘട്ടമായി ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ബി) | ജീവനക്കാരുടെ ശമ്പളം സ്പാർക്ക് മുഖാന്തിരം നൽകിവരുന്നത് നിരവധി പരാതിയ്ക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ ജീവനക്കാർക്ക് മെച്ചപ്പെട്ട രീതിയിൽ ഉപയാഗിക്കുന്നതിന് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുമോ; വിശദവിവരം നൽകുമോ? | (ബി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണവും യു.ജി.സി 7-ാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്ക് സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ